## മാവേലി സ്റ്റോറുകളുടെ ലാഭ-നഷ്ടം

1250. [1864] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ലാഭകരമായിരുന്നുവോ ;

(ബി) ആണെങ്കിൽ ലാഭം എത്ര ;

(സി) നഷ്ടത്തിലായിരുന്നുവെങ്കിൽ, നഷ്ടം എത്ര ?

### ഉത്തരം

(എ, ബി) എല്ലാ മാവേലി സ്റ്റോറുകളും ലാഭത്തിലല്ല പ്രവർത്തിക്കുന്നത്;

(സി) കണക്ക് ആഡിറ്റ് ചെയ്തു തിട്ടപ്പെടുത്തിയിട്ടില്ലെങ്കിലും 1985-86-ൽ മൊത്തത്തിലുള്ള നഷ്ടം ഏകദേശം 60 ലക്ഷം ഉറുപ്പികയോളം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന വെളിച്ചെണ്ണയ്ക്ക് സബ്സിഡി

1251. [1865] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന വെളിച്ചെണ്ണയ്ക്ക് സംസ്ഥാന ഗവൺമെന്റ് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സബ്സിഡിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാരിന് സെപ്തംബർ 30 വരെ സബ്സിഡി ഇനത്തിൽ എന്തു തുക ചെലവായി ?

### ഉത്തരം

(എ, ബി, സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വെളിച്ചെണ്ണ വില കുറച്ചാണ് വിൽക്കുന്നതെങ്കിലും ഈ വകയിൽ ഗവൺമെന്റിൽ നിന്ന് കോർപ്പറേഷന് സബ്സിഡി ഒന്നും ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly